**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *117</u>** **<u>30.01.2018-ൽ മറുപടിയ്ക്ക്</u>**

## <u>പുതിയകാലം പുതിയ നിർമ്മാണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ഡി.കെ.മുരളി<br>,, രാജു എബ്രഹാം<br>,, സി.കെ.ശശീന്ദ്രൻ<br>,, പി.ഉണ്ണി : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതിരിക്കുന്നത് വഴി അധികച്ചെലവും പാഴ്ച്ചെലവും ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കികൊണ്ട് G.O (MS) No. 1/2018/PWD തീയതി 5.01.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽ KWA, KSEB, BSNL മറ്റു സ്വകാര്യ ടെലികോം സേവനദാതാക്കൾ തുടങ്ങിയവരുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് 5.01.2018 ലെ G.O (Rt) No. 30/2018/PWD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതു വഴി പ്രവൃത്തികളുടെ കാലതാമസവും പാഴ്ച്ചെലവുകളും |

ഒഴിവാക്കാവുന്നതാണ്. കൂടാതെ വികസന പ്രവൃത്തികൾക്കാവശ്യമായ സ്ഥലം ഉറപ്പാക്കിയതിനു ശേഷം മാത്രം പ്രവൃത്തികളുടെ ടെൻഡർ ചെയ്യുന്ന രീതിയും നടപ്പിലാക്കുന്നുണ്ട്. പ്രവൃത്തികളുടെ എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ തന്നെ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ തന്നെ പ്രവർത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്ക് പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള പിഴ ഈടാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അവസരം നൽകുന്നുണ്ട്. പ്രവൃത്തികൾ അനിശ്ചിതമായി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ച് അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച വരുന്നു.

**(ബി)** പുതിയകാലം പുതിയ നിർമ്മാണം എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി നൂതന സാങ്കേതിക വിദ്യകളിലും നിർമ്മാണ രീതികളിലും, എഞ്ചിനീയർമാർക്കും കരാറുകാർക്കും പരിശീലനം നൽകാൻ പദ്ധതിയുണ്ടോ;

**(ബി)** "പുതിയ കാലം പുതിയ നിർമ്മാണം" എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി നൂതന സാങ്കേതിക വിദ്യകളിലും നിർമ്മാണ രീതികളിലും വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കരാറുകാർക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോൺട്രാക്ടർമാർക്ക് പരിശീലനം

നൽകാൻ ഉദ്ദേശിക്കുന്ന Contractors' Academy പരിഗണനയിലാണ്

(സി) നിർമ്മാണത്തിലും മേൽനോട്ടത്തിലും വീഴ്ച വരുത്തുന്ന കരാറുകാരെയും ഉദ്യോഗസ്ഥരെയും അതിന്റെ നഷ്ടം വഹിക്കാൻ ബാദ്ധ്യസ്ഥരാക്കുന്നതിന് നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ?

(സി) ഉണ്ട്.
പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ നിർമ്മാണത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ ആ പ്രവൃത്തിയുടെ കരാറുകാരുടെ ചെലവിൽ തന്നെ പരിഹരിച്ച് വരുന്നുണ്ട്. അല്ലാത്ത പക്ഷം അവർക്കെതിരെ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ